LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കടകൾ വഴി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ

30 (*450) ശ്രീ. പി. വി. അൻവർ:

ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീ. ആന്റണി ജോൺ:

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങളും റേഷൻ കടകളെ കൂടുതലായി ആശ്രയിക്കുന്ന നിലവിലെ സാഹചര്യത്തിൽ റേഷൻ കടകൾ വഴി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് ആലോചനയുണ്ടോ; വിശദമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളിൽ മുൻഗണനാ വിഭാഗങ്ങൾക്കുവേണ്ടിവരുന്ന 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ കിഴിച്ച് ബാക്കിവരുന്ന 4 ലക്ഷം മെ.ടണിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തി വരുന്നത്. എ.എ.വൈ./മുൻഗണനാ വിഭാഗങ്ങളുടെ എണ്ണത്തിനനുടി വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിതരണത്തോതിനും ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ് ഓവർ വിഹിതം, മുൻ കാലങ്ങളിൽ അധിക വിഹിതമുൾപ്പടെ മുൻഗണനേതര വിഭാഗത്തിനു ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ പ്രതിമാസം 27,958 മെ.ടൺ കുറവാണ്. മുൻഗണനേതര വിഭാഗത്തിന് റേഷൻ വിഹിതം ആവശ്യമായ അളവിൽ നൽകുന്നതിന് അപര്യാപ്തമായതിനാൽ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും അനുകൂലമായ സമീപനം ഇതുവരെ ഉണ്ടായിട്ടില്ല. കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പദ്ധതിപ്രകാരം മുൻഗണനാ വിഭാഗത്തിന് ലഭ്യമായ ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായി വിട്ടെടുത്ത് പരമാവധി ആളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. ആത്മ നിർഭർ ഭാരത് പദ്ധതി പ്രകാരം 2020 മേയ്, ജൂൺ മാസങ്ങളിലേയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ച അരിയും പയർവർഗ്ഗങ്ങളും ഏറ്റെടുത്ത് വിതരണം ചെയ്തു. എന്നാൽ മുൻഗണനേതര വിഭാഗത്തിന് ലഭ്യമാകുന്ന അലോട്ട്മെന്റ് അപര്യാപ്തമായതിനാൽ 2020 ഏപ്രിൽ മുതൽ നാളിതുവരെ കി.ഗ്രാമിന് 20 രൂപ മുതൽ 22.50 രൂപ വരെ ചെലവഴിച്ച് സൗജന്യമായും സബ്സിഡി നിരക്കിലും വിവിധ ഘട്ടങ്ങളിലായി പ്രസ്തുത വിഭാഗത്തിന് വിതരണം ചെയ്തുവരികയാണ്.

ഇതിനായി 305030 മെ.ടൺ അരി വാങ്ങുന്നതിന് 505.17 കോടി രൂപ വിലയിനത്തിൽ മാത്രം ചെലവായിട്ടുണ്ട്. 237689 മെ.ടൺ അരി ഇത്തരത്തിൽ സ്പെഷ്യൽ വിഹിതമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) റേഷൻ കടകളിലെ ഇ-പോസ് മെഷീൻ വഴി മൈക്രോ എ.ടി.എം. സംവിധാനം ആരംഭിക്കുന്നതിന് വിവിധ ബാങ്കുകളുമായി ചർച്ച നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

(സി) റേഷൻ വ്യാപാരികൾക്ക് നിലവിൽ ലഭിക്കുന്ന കമ്മീഷൻ എത്രയാണെന്നും കൂടുതൽ വില്പന നടത്തുന്ന റേഷൻ വ്യാപാരികൾക്ക് അധിക കമ്മീഷൻ ലഭിക്കുന്നതിനുള്ള അവസരമുണ്ടോയെന്നും അറിയിക്കുമോ?

45 ക്വിന്റൽ വിതരണം ചെയ്യുന്ന റേഷൻ വ്യാപാരികൾക്ക് 18,000 രൂപ അടിസ്ഥാന കമ്മീഷൻ ഉറപ്പുവരുത്തിയിട്ടുണ്ട്. 45 ക്വിന്റലിന് താഴെ വിതരണം നടത്തുന്ന വ്യാപാരികൾക്ക് ക്വിന്റലിന് 220 രൂപ നിരക്കിൽ കമ്മീഷനും സപ്പോർട്ടീവ് പേയ്മെന്റായി പരമാവധി 8,500 രൂപയും അനുവദിച്ചു നൽകുന്നുണ്ട്. 45 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന വ്യാപാരിക്ക് അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിന് റിക്വയർമെന്റിന്റെ 70 ശതമാനത്തിലധികം വിൽപ്പന നടത്തേണ്ടതാണ്. വിൽപ്പനയിൽ ഉണ്ടാകുന്ന കുറവിന് ആനുപാതികമായി കമ്മീഷനിലും കുറവു ണ്ടാകുന്നതാണ്. 45 ക്വിന്റലിൽ അധികം വിൽപ്പന നടത്തുന്ന വ്യാപാരികൾക്ക് ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മീഷൻ നൽകിവരുന്നുണ്ട്. വിതരണം കൂടുന്തോറും കമ്മീഷൻ തുകയും വർദ്ധിക്കുന്ന രീതിയിലാണ് നിലവിൽ കമ്മീഷൻ അനുവദിച്ചുവരുന്നത്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അടിസ്ഥാന സൗകര്യ വികസനം

1 (4724) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടിസ്ഥാനസൗകര്യ വികസനമെന്ന ആവശ്യം കണക്കാക്കി ഉദാരമായ കേന്ദ്ര സഹായം നേടിയെടുക്കാനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

&

LIBRARY ARCHIVES Kerala Legislative Assembly